# നഗരകാര്യവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ ആഫീസ്, കൊല്ലം- ചട്ടവിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീ. സി. പ്രഭാകരന്റെ എഞ്ചിനീയർ എ ലൈസൻസ് രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നം. ഇ- 1185/16 | കൊല്ലം, തീയതി:16/01/2017

---

പരാമർശം:

1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 29/02/2016-ലെ CTPVig/73/16- (4) -ാം നമ്പർ റിപ്പോർട്ട്.
2. 04/04/2016-ലെ 497057/ആർ.എ1/2016/തസ്വഭവ നമ്പർ സർക്കാർ കത്ത്.
3. അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/08/16-ലെ എ2- 10099/16-ാം നമ്പർ കത്ത്.
4. നഗരകാര്യ വകുപ്പ് ദക്ഷിണമേഖലാ ജോയിന്റ് ഡയറക്ടറുടെ 25/10/2016-ലെ ഇ- 1185/16-ാം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ. സി. പ്രഭാകരൻ, ഗൗരിനിവാസ്, കളർകോട്, ആലപ്പുഴ - യുടെ 18/11/2016-ലെ മറുപടി.
6. ശ്രീ. സി. പ്രഭാകരൻ , ഗൗരിനിവാസ്, കളർകോട്, ആലപ്പുഴ 23/12/2016-ൽ നേരിൽ ഹാജരായി ലഭ്യമാക്കിയ മൊഴി.

## ഉത്തരവ്

അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്തിലെ വളഞ്ഞവഴി ജംഗ്ഷനിൽ 17/05/2012-ലെ എ2-3294/11-12/ബി.ഡി നമ്പർ പ്രകാരം നിർമ്മാണനുമതി നേടിയ ശ്രീ. എ. മുസ്തഫ, സിസാം മൻസിൽ, വണ്ടാനം പി.ഒ, ആലപ്പുഴ എന്ന വ്യക്തിയ്ക്കു വേണ്ടി നടത്തിയ നിർമ്മാണത്തിൽ നിരവധി ചട്ടലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളതിനാൽ പ്രസ്തുത നിർമ്മാണത്തിന് പ്ലാൻ വരച്ചു നൽകിയ ലൈസൻസി ശ്രീ. സി. പ്രഭാകരനെതിരെ നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

കേരള പഞ്ചായത്ത് കെട്ടിട നിയമത്തിലെ ചട്ടം 4(2), 7(1), 27(8), 11(എ). 7(1)(എ)(iv), 35(2), 38(2) എന്നിവ ഉൾപ്പെടെ നിരവധി ചട്ടലംഘനങ്ങൾ ടി നിർമ്മാണത്തിൽ കണ്ടെത്തിയിട്ടുള്ളതായി പരാമർശം (1) ലെ ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ലൈസൻസിയിൽ നിന്ന് പരാമർശം (4) പ്രകാരം വശദീകരണം തേടുകയും ആയതിന് പരാമർശം (5) പ്രകാരം ടിയാൻ ലഭ്യമാക്കിയ മറുപടിയിലും , പരാമർശം (6) പ്രകാരം നേരിൽ ഹാജരായി സമർപ്പിച്ച മൊഴിയിലും, അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ട സമയത്ത് ടിയാൻ സ്ഥലത്ത് ഇല്ലാത്തതിനാൽ ആയതിന് സാധിച്ചിട്ടില്ലായെന്നും, നിലവിൽ പ്രസ്തുത അപാകതകൾ പരിഹരിച്ച് പുതുക്കിയ നിർമ്മാണനുമതി ലഭ്യമാക്കിയിട്ടുള്ളതായും സൂചിപ്പിച്ചിരിക്കുന്നു.

1999-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 153-ൽ പ്ലാനുകളും ഡ്രോയിംഗുകളും തയ്യാറാക്കി ഒപ്പ് വയ്ക്കുന്ന ലെസൻസി പ്രസ്തുത പ്ലാനിലും ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ കുറ്റമില്ലായ്മയ്ക്കും സത്യാവസ്ഥയ്ക്കും ഉത്തരവാദിയാണെന്നും ടിയാൻ പരിശോധന നടത്തി അതിരുകൾ ബോദ്ധ്യപ്പെട്ട് വേണം പ്ലാനുകളും ഡ്രോയിംഗുകളും തയ്യാറാക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ 1999-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം 153 (8) പ്രകാരം ശ്രീ. സി. പ്രഭാകരന്റെ ഇ- 1992/10/EA- 792/Klm നമ്പർ എഞ്ചിനീയർ എ ലൈസൻസ്, മേലിൽ ചട്ടലംഘനങ്ങൾ ആവർത്തിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണെന്ന താക്കീതോടെ മൂന്ന് മാസത്തേക്ക് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെന്റ് ചെയ്ത വിവരം രേഖപ്പെടുത്തുന്നതിനായി ലൈസൻസി ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ലൈസൻസ് രേഖകൾ കൊല്ലം നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

**(ഒപ്പ്)**
**വി.ആർ.രാജു**
**റീജിയണൽ ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്ജ്)**

ശ്രീ. സി. പ്രഭാകരൻ, ഗൗരി നിവാസ്, കളർകോട്, ആലപ്പുഴ.

പകർപ്പ്:-
1. ഗവ.സെക്രട്ടറി, തദ്ദേശസ്വയംഭരണ (ആർ എ) വകുപ്പ്, തിരുവനന്തപുരം (ആമുഖ പത്രം സഹിതം)
2. നഗരകാര്യവകുപ്പ് തിരുവനന്തപുരം(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. ദക്ഷിണമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും.
5. റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി/കോഴിക്കോട്.

**ആജ്ഞാനുസരണം/അയയ്ക്കുന്നത്,**

സൂപ്രണ്ട്